വിവിധ മേഖലകളിലെ അവബോധവും ആത്മവിശ്വാസവും വർദ്ധിപ്പിക്കുന്നതിനുള്ള കർമ്മപരിപാടി

210 (8046) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലെ അവബോധത്തിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം കർമ്മപരിപാടികൾ ആസൂത്രണം ചെയ്തിട്ടുണ്ട് ; വിശദമാക്കുമോ;

(ബി) വിദ്യാർത്ഥികൾക്കായി വിവിധ വകുപ്പുകൾ നടത്തുന്ന എന്തെല്ലാം പദ്ധതികളാണ് പ്രസ്തുത സ്കൂളുകളിൽ നടപ്പാക്കിയിട്ടുള്ളത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നത് ; വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതികൾ സ്കൂളുകളിൽ നടത്തുന്നതിന് ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ-സി) സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ വിവിധ മേഖലകളിലെ അവബോധത്തിനും അവരുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും ചുവടെ പരാമർശിക്കുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു :

1. സ്റ്റുഡന്റ് ഹെൽത്ത് എഡ്യൂക്കേഷൻ പ്രൊമോട്ടർ പദ്ധതി :

ടി പദ്ധതി മുഖേന 2013-14 അദ്ധ്യയന വർഷം 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലെ തിരഞ്ഞെടുക്കപ്പെട്ട 130 വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും അദ്ധ്യാപകർക്കുമായി ആരോഗ്യപരിപാലനം, പ്രഥമ ശുശ്രൂഷ, വ്യക്തി ശുചിത്വം, കൂടിവെള്ള പരിപാലനം, ജീവിതശൈലീ രോഗങ്ങൾക്കെതിരെയുള്ള പ്രതിരോധം, പുകവലി, പാൻപരാഗ്, പാൻമസാല, മദ്യം, മയക്കുമരുന്ന് എന്നിവയുടെ ഉപയോഗം കൊണ്ടുള്ള ദൂഷ്യങ്ങൾ എന്നിവകളിൽ ആരോഗ്യ വകുപ്പ്, കുടുംബശ്രീ എന്നിവരുടെ സഹായത്തോടെ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുകയും പരിശീലനം ലഭിച്ച കുട്ടികൾ മറ്റുള്ളവർക്കും ആരോഗ്യപരിപാലന ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുകയും ചെയ്യുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

2. സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് പദ്ധതി :

വിദ്യാർത്ഥികളിൽ രാജ്യത്തെ നീതിബോധവും സാമൂഹിക പ്രതിബദ്ധതയും ഒത്തുചേർത്ത് മികച്ച അച്ചടക്കം, വ്യക്തിപ്രഭാവം, സാമൂഹികാവബോധം, നീതിനിർവ്വഹണബോധം എന്നിവയിലൂടെ വ്യക്തിത്വ വികസനം സാദ്ധ്യമാക്കുക എന്നത് ലക്ഷ്യമിട്ടുകൊണ്ട് പോലീസ് വകുപ്പിന്റെ സഹായത്തോടുകൂടി 2013-14 അദ്ധ്യയന വർഷം മലമ്പുഴ ആശ്രമം സ്കൂൾ, ഏറ്റുമാനൂർ മോഡൽ റസിഡൻഷ്യൽ സ്കൂൾ, നല്ലൂർനാട് മോഡൽ റസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ ടി പദ്ധതി വിജയകരമായി നടപ്പിലാക്കിയിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷം ടി പദ്ധതി മറ്റ് മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും കൂടി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ട്.

3. സർഗ്ഗോത്സവം :

വിദ്യാർത്ഥികളുടെ പഠനത്തോടൊപ്പം അവരുടെ കലാഭിരുചി വർദ്ധിപ്പിക്കുന്നതിനും മാനസികോല്ലാസത്തിനും ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും വേണ്ടി സംസ്ഥാന തലത്തിൽ 'സർഗ്ഗോത്സവം' എന്ന പേരിൽ ഒരു കേന്ദ്രീകൃത കലാവേദി 2013-14 അദ്ധ്യയന വർഷം നടപ്പിലാക്കുകയുണ്ടായി.

4. സഹവാസ ക്യാമ്പ് :

സാംസ്കാരിക സമ്മിശ്രണത്തിലൂടെ വിദ്യാർത്ഥികളുടെ വ്യക്തി വൈഭവം വർദ്ധിപ്പിക്കുന്നതിനും അന്തർമുഖത്വം ഇല്ലാതാക്കുന്നതിനും സർവ്വോപരി പരീക്ഷാഭീതി, പഠന സംബന്ധമായ പ്രശ്നങ്ങൾ എന്നിവ ഒഴിവാക്കി പ്രസരിപ്പോടെ പഠനം നടത്തുന്നതിനും ഉന്നതതല വിദ്യാഭ്യാസ മേഖലകളെക്കുറിച്ചുള്ള അവബോധം നൽകുന്ന തരത്തിലുള്ള സെമിനാറുകളും ചർച്ചകളും ക്ലാസ്സുകളും ഉൾപ്പെടുത്തി 10, +2 തലങ്ങളിലെ വിദ്യാർത്ഥികൾക്കായി ഓരോ വർഷവും ഡിസംബറിൽ എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും സഹവാസ ക്യാമ്പുകൾ നടത്തിവരുന്നു.

5. സ്റ്റുഡന്റ് കൗൺസിലേഴ്സ് :

വിദ്യാർത്ഥികളുടെ മാനസികശേഷി വർദ്ധിപ്പിക്കുക, വ്യക്തിത്വ വികസനം, പരീക്ഷയിൽ മികച്ച വിജയം കൈവരിക്കുന്നതിന് മാനസികമായി പ്രാപ്തരാക്കുക എന്നീ കാര്യങ്ങൾക്ക് മുൻഗണന നൽകി വിദ്യാർത്ഥികൾക്ക് കൗൺസിലിംഗ് നൽകുന്നതിന് 2013-14 അദ്ധ്യയന വർഷം തെരഞ്ഞെടുത്ത 33 വ്യക്തികളെ സ്റ്റുഡന്റ് കൗൺസിലർമാരായി വകുപ്പിന് കീഴിലുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ/ പോസ്റ്റ്മെട്രിക്/പ്രീമെട്രിക് ഹോസ്റ്റലുകളിൽ നിയമിച്ചിട്ടുണ്ട്. 2014-15 അദ്ധ്യയന വർഷവും ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

6. മെഡിക്കൽ, എഞ്ചിനീയറിംഗ് എൻട്രൻസ് കോച്ചിംഗ് :

വിദ്യാർത്ഥികൾക്ക് പ്ലസ് ടുവിന് മികച്ച വിജയം കരസ്ഥമാക്കുന്നതിനോടൊപ്പം തന്നെ എഞ്ചിനീയറിംഗ്, മെഡിക്കൽ എൻട്രൻസ് പരീക്ഷയിൽ വിജയം നേടുന്നതിനും ഉന്നതതല കോഴ്സുകളിൽ പ്രവേശനം നേടുന്നതിന് അവരെ പ്രാപ്തരാക്കാനും പഠനത്തോടൊപ്പംതന്നെ എൻട്രൻസ് ഓറിയന്റഡ് കോച്ചിംഗ് ക്ലാസ്സുകളും എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും നടത്തിവരുന്നു.

7. നാഷണൽ സർവ്വീസ് സ്കീം :

സാമൂഹിക സേവന പ്രവൃത്തികളിലൂടെ സാമൂഹിക പ്രതിബദ്ധത വളർത്തി ജനനന്മയും വ്യക്തിഗുണവും ഉറപ്പാക്കി ഉന്നത മൂല്യബോധമുള്ള പൗരന്മാരാക്കി വിദ്യാർത്ഥികളെ വളർത്തിക്കൊണ്ടുവരുന്നതിനായി ഹയർസെക്കണ്ടറിയുള്ള എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലും (8 സ്കൂളുകളിൽ) നാഷണൽ സർവ്വീസ് സ്കീം നടപ്പിലാക്കി വരുന്നു.

8. അഡീഷണൽ സ്കിൽ അക്വിസിഷൻ പരിപാടി :

തെരഞ്ഞെടുക്കപ്പെട്ട 8 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ വിദ്യാർത്ഥികളുടെ വിവിധ കഴിവുകൾ വികസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം നടപ്പിലാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) മേൽ പദ്ധതികളെല്ലാംതന്നെ നടപ്പിലാക്കുന്നതിനാവശ്യമായ നിർദ്ദേശവും ഉത്തരവും സമയബന്ധിതമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ ലഭ്യമാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ

211 (8047) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly